വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് റൂറൽ ഡിസ്പെൻസറി നിർമ്മിക്കുന്നതിനു പ്രത്യേക ധനസഹായം നൽകിവരുന്നു. സാമ്പത്തികശേഷി തീരെ അപര്യാപ്തമായ പഞ്ചായത്തുകൾക്കു ശുദ്ധജല വിതരണപദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകാറുണ്ട്. സംസ്ഥാന ഗ്രാമവികസന ബോർഡിന്റെ പല പദ്ധതികളും പഞ്ചായത്തുകളിൽ സ്ഥാപിച്ചു വരുന്നുണ്ട്. അവയിൽ ചിലതിനു പ്രതീക്ഷിച്ച വരുമാനം കിട്ടാതെ വരുമ്പോൾ ബോർഡിലേക്ക് അടയ്ക്കേണ്ട വാർഷിക ഗഡുക്കൾക്ക് മുടക്കം വരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് ധനസഹായം നൽകാറുണ്ട്.

ഇതിനെല്ലാം പുറമേ വാർഷിക വരുമാനം 20,000 രൂപ വരെയുള്ള (3-ാം ഗ്രേഡ്) പഞ്ചായത്തുകൾക്ക് 10,000 രൂപ എന്ന ക്രമത്തിലും 20,000 രൂപ മുതൽ 50,000 രൂപ വാർഷിക വരുമാനമുള്ളവയും മൈനസ് ഫണ്ട് ബാലൻസുള്ളതുമായ (സെക്കന്റ് ഗ്രേഡ്) പഞ്ചായത്തുകൾക്ക് 5,000 രൂപ എന്ന ക്രമത്തിലും ബ്ലോക്ക് ഗ്രാന്റ് നൽകുന്നുണ്ട്. രണ്ടും മൂന്നും ഗ്രേഡ് പഞ്ചായത്തുകൾക്ക് അവയുടെ വരുമാനത്തിന്റെ 25 ശതമാനത്തിൽ കൂടുതൽ വരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിനുള്ള തുകയും (എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്) ഒന്നാം ഗ്രേഡ് പഞ്ചായത്തുകൾക്ക് അവയുടെ വരുമാനത്തിന്റെ 40 ശതമാനം കവിഞ്ഞുവരുന്ന എസ്റ്റാബ്ലിഷ് ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള (എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്) തുകയും ഗ്രാന്റായി നൽകി വരുന്നു.

(ബി) 90,87,477 രൂപ 07 പൈസ.

(സി) 383 പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ട്.

സർവീസിൽ ഇരിക്കുമ്പോൾ മരിച്ചയാളുടെ കുടുംബത്തിനു ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ലെന്ന പരാതി

1220 [1950] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ പാറളം പഞ്ചായത്തിലെ ജൂനിയർ ബിൽ കളക്ടർ ശ്രീ. കെ. കെ. വേലായുധൻ 16-7-78-ൽ സർവീസിൽ ഇരിക്കുമ്പോൾ മരിച്ചിട്ട് ടിയാന്റെ കുടുംബത്തിനു അർഹമായ യാതൊരു ആനുകൂല്യങ്ങളും ഇന്നുവരെ പഞ്ചായത്തു വകുപ്പിൽനിന്നു നൽകിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരിച്ച ശ്രീ. വേലായുധന്റെ ഭാര്യ ശ്രീമതി കെ. എസ്. സുലോചനയ്ക്കു പഞ്ചായത്തു വകുപ്പിൽ നിയമനം കിട്ടണമെന്നുള്ള അപേക്ഷ പഞ്ചായത്തിൽ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുവകുപ്പിൽ നിയമനം കൊടുക്കാമോ ?

ഉത്തരം

(എ) ഫാമിലി പെൻഷനുള്ള അപേക്ഷ (ഫാറം നമ്പർ 6) അതിന്റെകൂടെ ആവശ്യമുള്ള രേഖകളില്ലാതെ തൃശൂർ ജില്ലാ പഞ്ചായത്ത് ആഫീസർക്ക് കിട്ടിയിട്ടുണ്ട്. ആവശ്യമുള്ള രേഖകൾ ഹാജരാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർവീസിലിരിക്കുമ്പോൾ മരിക്കുന്നവരുടെ ആശ്രിതർക്കു ലഭിക്കുന്ന ജോലിക്കുള്ള അപേക്ഷയാതൊന്നുംതന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ കിട്ടിയിട്ടില്ല.

(സി) അപേക്ഷ ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പഞ്ചായത്തുകളിൽ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

1221 [1951] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഞ്ചായത്തുകളിൽ ഇപ്പോൾ എത്ര തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞു കിടപ്പുണ്ട്;

(ബി) തൃശൂർ ജില്ലയിൽ മാത്രം എത്ര ഒഴിവുകളുണ്ട്;

(സി) പഞ്ചായത്തുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം നിയമനം നടത്തുന്നതിനു എന്താണ് തടസ്സം;

(ഡി) തൃശൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിച്ചവരെ പിരിച്ചു വിട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ജീവനക്കാരുടെ എന്തു തെറ്റുകൾ മൂലമാണവരെ പിരിച്ചുവിട്ടിട്ടുള്ളത്;

(എഫ്) പ്രായപരിധി കഴിഞ്ഞവരെ സ്പെഷ്യൽ കേസായി പരിഗണിച്ച് പുനർനിയമനം നടത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) പഞ്ചായത്തുകളിലെ നിയമനം 1-4-1978 മുതൽ പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്.

(ഡി) പിരിച്ചുവിട്ടിട്ടുണ്ട്.

(ഇ) 31-1-1978-ൽ പഞ്ചായത്ത് ഡയറക്ടർ എല്ലാ ജില്ലാ പഞ്ചായത്താഫീസർമാർക്കും നിലവിലുള്ള ഒഴിവുകളിൽ ഒന്നുംതന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തരുതെന്ന് നിർദ്ദേശം നൽകിയിരുന്നു. 1-4-1978 മുതൽ ടി നിയമനങ്ങളെല്ലാം പി. എസ്. സി. യ്ക്കുവിട്ടുകൊടുക്കാൻ ഉദ്ദേശിച്ചതിനാലാണ് പ്രസ്തുത നിർദ്ദേശം നൽകിയത്. പ്രസ്തുത നിയമനങ്ങളെല്ലാം 1-4-1978 മുതൽ പി. എസ്. സി. യ്ക്കു വിട്ടുകൊണ്ടുള്ള വിജ്ഞാപനം 8-3-1978-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് തൃശൂർ ജില്ലാ പഞ്ചായത്താഫീസർ നിയമനങ്ങൾ നടത്തിയത്. അതുകൊണ്ടാണ് അവരെ പിരിച്ചുവിട്ടത്.

LIBRARY ARCHIVES Kerala Legislative Assembly